## അധ്യാപക അവാർഡ് (സമയബന്ധിതം)

നം.വൈ(2)/35900/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 18.05.2017

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
**തിരുവനന്തപുരം.**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

സർ,

**വിഷയം :- പൊ.വി. – 2017-18 വർഷത്തെ സംസ്ഥാന അധ്യാപക അവാർഡ് നിർണ്ണയ നിർദ്ദേശങ്ങൾ – സംബന്ധിച്ച്.**

**സൂചന :-**

2017-18 വർഷത്തെ സംസ്ഥാന അധ്യാപക അവാർഡിന് അർഹതയുള്ള അധ്യാപകരെ കണ്ടെത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2017-18 വർഷത്തെ സംസ്ഥാന അധ്യാപക അവാർഡ് പ്രൊപ്പോസലുകൾ ഇതോടൊപ്പമുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. ഓരോ ജില്ലയിൽ നിന്നും പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിൽ നിന്ന് അവാർഡുകൾ നൽകേണ്ടതുള്ളതിനാൽ എല്ലാ ജില്ലകളിൽ നിന്നും അവാർഡ് പ്രൊപ്പോസലുകൾ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു ജില്ലയിൽ നിന്ന് പ്രൈമറി തലത്തിലും സെക്കണ്ടറി തലത്തിലും യോഗ്യരായ 3 പേരുടെ വീതം പ്രൊപ്പോസൽ മാത്രമേ അയയ്ക്കാൻ പാടുള്ളൂ. ഇതിൽ അധ്യാപികമാരും അധ്യാപകൻമാരും ഉൾപ്പെടുന്നു എന്നുറപ്പാക്കേണ്ടതാണ്. ആയതിനാൽ ഈ വർഷത്തെ പ്രൊപ്പോസലിൽ ഈ അപാകത പൂർണ്ണമായും പരിഹരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർ മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിലായിരിക്കണം പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത്.

1. പ്രധാന അധ്യാപകന് 20 വർഷവും മറ്റ് അധ്യാപകർക്ക് 15 വർഷത്തിൽ കുറയാത്ത അധ്യയന പരിചയവും ഉണ്ടായിരിക്കണം.

2. സമൂഹത്തിൽ അധ്യാപകർക്ക് ലഭിക്കുന്ന ആദരവും ബഹുമാനവും.

3. അധ്യാപന കാര്യങ്ങളിലുള്ള കാര്യക്ഷമതയും അവയുടെ പുരോഗതിക്കായുള്ള താൽപര്യവും.

4. സ്കൂൾ ജീവിതത്തിലും പുറത്തുള്ള പ്രവർത്തനമേഖലയിലും അധ്യാപകന്റെ നേരിട്ടുള്ള പങ്കും സംഭാവനയും.

5. വിദ്യാർത്ഥികളോടുള്ള അധ്യാപകന്റെ നിർവ്യാജ്യ സ്നേഹവും അവരുടെ ഉയർച്ചയിലുള്ള താത്പര്യവും.

പ്രൊപ്പോസലുകൾ 30.07.2017 ന് മുമ്പായി ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

മേൽ വിവരിച്ചവ സൂക്ഷ്മ പരിശോധന നടത്തി പ്രൊപ്പോസലിൽ കാണിച്ച വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ സമർപ്പിക്കാവൂ. പൂർണ്ണമല്ലാത്തവ മടക്കി അയയ്ക്കേണ്ടി വരുന്നതു മൂലം തീരുമാനം എടുക്കുവാൻ താമസമുണ്ടാകുകയും അത് അവാർഡ് നിർണ്ണയത്തെ തന്നെ ബാധിക്കുകയും ചെയ്യും. അതിനാൽ പ്രൊപ്പോസലുകൾ അയയ്ക്കുന്നതിന് മുമ്പ് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. അപേക്ഷയുടെ 4 കോപ്പി പൂർണ്ണരൂപത്തിൽ അയയ്ക്കേണ്ടതാണ്.

2. ഒരു ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ 3 മാസത്തിനുള്ളിൽ എടുത്തിട്ടുള്ള 4 പാസ്പോർട്ട് സൈസ് ഫോട്ടോ ഓരോ അപേക്ഷയോടൊപ്പവും അധികമായി ഉണ്ടായിരിക്കണം. ഫോട്ടോയുടെ സി.ഡി പ്രത്യേകം കവറിൽ അപേക്ഷയോടൊപ്പം അയയ്ക്കണം. കവറിന്റെ പുറത്ത് അപേക്ഷകന്റെ പൂർണ്ണ അഡ്രസ്സ് എഴുതിയിരിക്കണം.

3. അപേക്ഷകൾ സമർപ്പിക്കുമ്പോൾ അവാർഡ് സംബന്ധിച്ച നിലവിലുള്ള നിയമങ്ങൾ എല്ലാം പാലിച്ചിരിക്കണം.

4. പ്രൊഫോർമയിലെ എല്ലാ കോളങ്ങളും വിട്ടുപോകാതെ പൂരിപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അഡീഷണൽ ഷീറ്റിൽ തയ്യാറാക്കി വയ്ക്കണം. പ്രൊഫോർമയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാക്ഷ്യപത്രങ്ങൾ (പാർട്ട്-ഇ കഴിഞ്ഞുള്ള സർട്ടിഫിക്കറ്റ്) വിദ്യാഭ്യാസ ഉപഡയറക്ടർമാർ നിർബന്ധമായും മേലൊപ്പ് വയ്ക്കേണ്ടതാണ്.

5. അവാർഡിന് പരിഗണിക്കപ്പെടുന്ന അധ്യാപകർ പുകവലി, മദ്യപാനം മറ്റ് മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള ലഹരി സാധനങ്ങൾ എന്നിവ തീർത്തും ഉപയോഗിക്കാത്ത ആളാണെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേക സർട്ടിഫിക്കറ്റും ഓരോ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

6. സംസ്ഥാന അധ്യാപക അവാർഡിന്റെ കാര്യത്തിൽ അധ്യാപികമാർക്കും അധ്യാപകൻമാർക്കും തുല്യപരിഗണന നൽകേണ്ടതാണ്. ഓരോ വിഭാഗത്തിൽ നിന്നും അധ്യാപികമാരുടേയും അധ്യാപകൻമാരുടെയും പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

7. ഗവൺമെന്റ് സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും അധ്യാപകർക്ക് തുല്യപരിഗണന നൽകണം..

8. ഓരോ പ്രൊഫോർമയിലും ജില്ലാതല സെലക്ഷൻ കമ്മിറ്റിയിലെ മുഴുവൻ അംഗങ്ങളുടേയും ഒപ്പും വിലാസവും ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല. ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ മീറ്റിംഗിന്റെ മിനിട്ട്സും ഓരോന്നിലും ഉണ്ടായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

9. ഒരു കാരണവശാലും പൂരിപ്പിച്ചയയ്ക്കുന്ന പ്രൊഫോർമ അധ്യാപകരെ ഏൽപ്പിക്കാൻ പാടില്ല. ഏറ്റവും അർഹരായവരെ കണ്ടെത്തുന്നതിനുള്ള

വിവരങ്ങൾ ഹെഡ്മാസ്റ്ററോടും ബന്ധപ്പെട്ട മറ്റ് വ്യക്തികളോടും രഹസ്യമായി അന്വേഷിച്ച് പ്രൊപ്പോസൽ തയ്യാറാക്കുന്ന രീതി മാത്രമേ പാടുള്ളൂ. അധ്യാപകരുടെ വിവിധ മേഖലകളിലുള്ള കഴിവ് തെളിയിക്കുന്നതിന് പ്രൊഫോർമയോടൊപ്പം ധാരാളം രേഖകൾ അടക്കം ചെയ്യുന്ന രീതി പാടില്ല. ഏറ്റവും പ്രസക്തമെന്ന് തോന്നുന്ന രേഖകൾ മാത്രമേ വയ്ക്കാവൂ.

10. ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള കമ്മിറ്റി അർഹരായവരെ കണ്ടെത്തുന്നതിന്റെ സ്കോർ പ്രത്യേക ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. പേജ് 1-ൽ കാണിച്ച 5 മാനദണ്ഡങ്ങൾക്ക് മൊത്തം 50 മാർക്ക് എന്ന് കണക്കാക്കി (ഒന്നിന് 10 മാർക്ക്) യാണ് മാർക്കിടേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർ സ്കോർ ഷീറ്റ് തയ്യാറാക്കി നൽകണം. ഓരോ അധ്യാപകനും കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ മറ്റ് കമ്മിറ്റി അംഗങ്ങൾ മാർക്കിടണം. ഓരോ വിഭാഗത്തിലും കൂടുതൽ മാർക്ക് ലഭിക്കുന്നവരെ ഈ നിലയിൽ കണ്ടെത്തുകയും ശുപാർശ ചെയ്യേണ്ട അധ്യാപകർ ആരൊക്കെയെന്ന് തീരുമാനിക്കുകയും വേണം.

11. ശുപാർശ ചെയ്യപ്പെടുന്ന അധ്യാപകരെ കുറിച്ചുള്ള ഒരു ലഘുവിവരണം (രണ്ടോ, മൂന്നോ വരിയിൽ, എന്തുകൊണ്ടാണ് ശുപാർശ ചെയ്യപ്പെടുന്നത് എന്നതിനെ കുറിച്ച്) കൂടി തയ്യാറാക്കി അയച്ചുതരേണ്ടതാണ്.

12. ജില്ലാതല സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് നോമിനിയെ നിശ്ചയിക്കുന്നതിന് രണ്ടോ മൂന്നോ വിദ്യാഭ്യാസ വിചക്ഷണൻമാരുടെ പേരുകൾ **26.06.2017** ന് മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർമാർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയിരിക്കണം.

13. പ്രൈമറി/സെക്കണ്ടറി തലത്തിൽ 3 പ്രൊപ്പോസലുകൾ വീതം അയയ്ക്കണം.

ശുപാർശകൾ **30.07.2017**-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പബ്ലിക് റിലേഷൻസ് ആഫീസറെ നേരിട്ട് ഏൽപ്പിക്കേണ്ടതാണ്. അപേക്ഷാഫാറത്തിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**